LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ജൂലായ് 20, ബുധൻ

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2005 ജൂലായ് മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

വികലാംഗ സംരക്ഷണ നിയമം

*1 [244] *ശ്രീ. ഷിബു ബേബിജോൺ:*

,, *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) പാർലമെന്റ് പാസാക്കിയ വികലാംഗ സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് വികലാംഗർക്ക് സർവ്വീസിൽ 3% സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിൻപ്രകാരമുള്ള നിയമനം നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ നിലവിലുള്ള ഒഴിവുകളിൽ വികലാംഗരുടെ കുറവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: (എ) & (ബി) പാർലമെന്റ് പാസാക്കിയ വികലാംഗ സംരക്ഷണ നിയമം 1995 (തുല്യ അവസരത്തിനും അവകാശ സംരക്ഷണത്തിനും പൂർണ്ണപങ്കാളിത്തത്തിനും)-ലെ സെക്ഷൻ 33 പ്രകാരം വികലാംഗർക്ക് 3 ശതമാനം തൊഴിൽ സംവരണം ഉറപ്പാക്കുന്നു. ഇതിൻപ്രകാരം സർക്കാർ സർവ്വീസിൽ ക്ലാസ്-3, ക്ലാസ്-4 തസ്തികകളിൽ 14-7-1998-ലെ സർക്കാർ ഉത്തരവ് (പി) 20/98/ഉഭപവ പ്രകാരം നിയമന സംവരണം നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറും പ്രധാനപ്പെട്ട വകുപ്പുകളുടെ ജില്ലാ മേധാവികളും മെമ്പർമാരായിട്ടുള്ള ഒരു കമ്മിറ്റിയാണ് നിയമനങ്ങൾ നടത്തുന്നത്, എംപ്ലോയ്മെന്റ് ഡയറക്ടർ മുൻഗണനാക്രമത്തിൽ നൽകുന്ന ലിസ്റ്റിൽ നിന്നും എഴുത്തു പരീക്ഷയും ഇന്റർവ്യൂം നടത്തിയാണ് പ്രസ്തുത കമ്മിറ്റി വികലാംഗരെ നിയമിക്കുന്നത്. ജില്ലാ കളക്ടർ നടത്തുന്ന നിയമനങ്ങൾ വികലാംഗർക്കായുള്ള സംസ്ഥാന കമ്മിഷണറേറ്റ് യഥാസമയം മോണിറ്ററിംഗ് ചെയ്തുവരുന്നു. ക്ലാസ്-1, ക്ലാസ്-2 തസ്തികകളിൽ കൂടി സംവരണം നൽകുന്ന കാര്യം സജീവ പരിഗണനയിലാണ്. വികലാംഗർക്ക് ക്ലാസ്-1, ക്ലാസ്-2 തസ്തികകളിലേക്ക് സംവരണം ഏർപ്പെടുത്തുന്നതിലേക്ക് തസ്തികകൾ കണ്ടെത്തുന്നതിലേക്കും മറ്റുമായി സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ കൺവീനറായും സാമൂഹ്യക്ഷേമവകുപ്പ് സെക്രട്ടറി ചെയർപേഴ്സണായും ചുവടെ ചേർക്കുന്നവർ മെമ്പർമാരായും ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്

സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്

കമ്മീഷണർ, വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, മെമ്പർ സെക്രട്ടറി

ലേബർ കമ്മീഷണർ

ഡയറക്ടർ, ആരോഗ്യവകുപ്പ്

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

ഡയറക്ടർ, എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് വകുപ്പ്

ഡയറക്ടർ, നിഷ്

ഡയറക്ടർ, നാഷണൽ അസോസിയേഷൻ ഫോർ ദി ബ്ലയിന്റ്

ഡയറക്ടർ, വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ (നാലാഞ്ചിറ).

LIBRARY ARCHIVES Kerala Legislative Assembly

1998 മുതൽ 2003 വരെ 2402 ഒഴിവുകൾ 14 ജില്ലകൾക്കായി സർക്കാർ അനുവദിച്ചിട്ടുണ്ട്. 12-7-2005 വരെ 1306 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. 2002-2003 വർഷങ്ങളിലെ നിയമനങ്ങൾക്കായുള്ള കാലാവധി അവശേഷിക്കുന്നുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.† ബാക്ക് ലോഗ് മുഴുവൻ നികത്തുന്നതിനുള്ള കർശന നിർദ്ദേശം കമ്മീഷണറേറ്റിൽ നിന്നും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

ഓരോ വർഷവും പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളുടെ 3 ശതമാനമാണ് വികലാംഗ നിയമനത്തിനായി സർക്കാർ നീക്കിവച്ചിരിക്കുന്നത്. വികലാംഗ നിയമനത്തിനായി അനുവദിക്കുന്ന ടാർജറ്റ് പൂർത്തിയാക്കുന്നതിന് മേൽപ്പറഞ്ഞ ഉത്തരവുപ്രകാരം 3 വർഷത്തെ സമയം അനുവദിച്ചിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

ശ്രീ. ജോണി നെല്ലൂർ: സർ, ഇവിടെ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് 179 ദിവസം താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. സർ, അതനുസരിച്ച് നിയമനം നടത്തിയപ്പോൾ സാങ്കേതികമായ കാരണങ്ങളാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമനം ലഭിച്ച ആളുകൾ 177 ദിവസം പൂർത്തിയാക്കി ശനിയും ഞായറും 1/8, 179 ദിവസങ്ങൾ ആയി എന്ന ഒറ്റ കാരണത്താൽ തികച്ചും സാങ്കേതികമായി, അങ്ങനെയുള്ള നിരവധി ആളുകൾക്ക് ആ സ്ഥിരപ്പെടുത്തൽ ലഭ്യമായില്ല. സർ, അങ്ങനെയുള്ള ആളുകളുടെ കാര്യം അനുഭാവപൂർവം പരിഗണിച്ച് സുവർണ്ണജൂബിലി ആഘോഷവേളയിൽ പ്രഖ്യാപിച്ച ആ ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, വികലാംഗരുടെ കാര്യത്തിൽ അങ്ങേയറ്റത്തെ അനുഭാവപൂർവമായ ഒരു സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലിയോട് അനുബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 179 ദിവസം പൂർത്തിയായവർക്ക് ഇപ്പോൾ നിയമനം നൽകിയിട്ടുണ്ട്. 179 ദിവസം പൂർത്തിയാക്കാത്തവർക്കുകൂടി വേണമെന്നുള്ള ഒരു ഡിമാന്റ് അത് ഡിസംബർ 31 വരെ ആക്കണമെന്നുള്ള രണ്ടാമത്തെ ഡിമാന്റ് ഈ രണ്ട് ഡിമാന്റുകൾ നിലവിലുണ്ട്. അതു രണ്ടും ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. അതോടൊപ്പം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഏതെങ്കിലും സാങ്കേതിക കാരണങ്ങൾ കൊണ്ട് 179 ആയില്ല എന്നുള്ളതിന്റെ പേരിൽ ആരുടെയെങ്കിലും അപേക്ഷ മാറ്റിവച്ചിട്ടുണ്ടെങ്കിൽ പ്രത്യേകം പരിശോധിക്കുന്നതാണ്.

† അനുബന്ധം-I

GPM. 2/542/2012.—2

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: സർ, ഇവിടെ 2003-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വികലാംഗരെ ഇൻഷ്വർ ചെയ്യുന്ന ഒരു പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. ആ വാഗ്ദാനമനുസരിച്ച് ഈ സംസ്ഥാനത്തെ വികലാംഗരെ ഇൻഷ്വർ ചെയ്യാനുള്ള ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അന്നത്തെ ബഡ്ജറ്റിലെ ആഹ്വാനപ്രകാരം അല്ലെങ്കിൽ വാഗ്ദാനപ്രകാരം ആ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇപ്പോൾ അതു സംബന്ധിച്ചുള്ള അവസാന തീരുമാനത്തിൽ എത്തിയിട്ടില്ല. 2001-ലെ ആ ബഡ്ജറ്റ് ആഹ്വാനം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, വികലാംഗരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത് വളരെ നല്ല കാര്യമാണ്, എന്നാൽ ഇതിന് ഫണ്ട് അലോട്ടുചെയ്തിട്ട് പല പഞ്ചായത്തുകളും നൽകുന്നില്ല. അതവർ വകമാറ്റി ചെലവ് ചെയ്യുകയാണ്. വികലാംഗരുടെ പെൻഷൻ അവർക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള സത്വരമായ നടപടികൾ എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, വികലാംഗരുടെ പെൻഷൻ യഥാസമയം കിട്ടണം. ഇന്നലെ ഇവിടെ പ്രഖ്യാപിച്ചതനുസരിച്ചാണെങ്കിൽ വികലാംഗ പെൻഷൻ കുടിശ്ശിക മുഴുവൻ തീർത്തുകൊടുക്കുകയും പിന്നീടുള്ള പെൻഷൻ മാസംതോറും കൊടുക്കുകയെന്നുള്ളതുമാണ്. അതിന് ഒരു വിധത്തിലുള്ള കാലതാമസവും ഉണ്ടാകാൻ അനുവദിക്കുകയില്ല. കാലതാമസം വന്നാൽ അത് നേരിട്ട് കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടിവരും.

ശ്രീ. സാജു പോൾ: സർ, സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് സ്ഥിരപ്പെടുത്തിയ 449 ജീവനക്കാർ അടങ്ങുന്ന ഉത്തരവാണ് ഇറക്കിയത്. അതിൽ ഇതിനകം എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്. 536 തസ്തികകളാണ് ഇതിനുവേണ്ടി സൃഷ്ടിച്ചത്. സർ, അതുപോലെതന്നെ പൊതുമേഖലാസ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർക്കും കൂടാതെ 3 ശതമാനം സംവരണമെന്നു പറയുമ്പോൾ ഇപ്പോൾ സർക്കാർ സർവീസിൽ കൊണ്ടുവന്ന വെട്ടിക്കുറവുകളും മറ്റുംമൂലം നഷ്ടപ്പെട്ട തസ്തികകൾ സമൂഹത്തിലെ ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്ന, ജനസംഖ്യയുടെ 2.7 ശതമാനം വരുന്ന, എട്ടരലക്ഷത്തിലധികം വരുന്ന ഈ വിഭാഗത്തിലെ വളരെ ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി സൃഷ്ടിക്കാൻ അനുഭാവപൂർവമായിട്ടുള്ള നടപടി സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് 179 ദിവസം പൂർത്തിയായവർക്ക് ജോലിയെന്നുള്ളത് ഗവൺമെന്റ് സർവ്വീസിൽ അഡീഷണൽ പോസ്റ്റ് ക്രിയേറ്റ് ചെയ്തുകൊണ്ട് ഗവൺമെന്റിലേ നടപ്പിലാക്കിയിട്ടുള്ളൂ, എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ അതിന് ബുദ്ധി മുട്ടായതിനാൽ ആ തത്വം അനുസരിച്ചുള്ള തീരുമാനം എടുത്തിട്ടില്ല. സർ, ഗവൺമെന്റ് 179 ദിവസം പൂർത്തിയാക്കിയ മുഴുവൻ വികലാംഗർക്കും ജോലി കൊടുക്കുന്ന വിധത്തിലാണ് പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുള്ളത്. പക്ഷെ അതിൽ ചിലർ മറ്റ് മേഖലകളിൽ ജോലി കിട്ടിയതുകൊണ്ടായിരിക്കാം മുഴുവൻ പേരും ജോയിൻ ചെയ്തിട്ടില്ല. നേരത്തെ ശ്രീ. ജോണി നെല്ലൂർ സൂചിപ്പിച്ചതുപോലെ ഏതെങ്കിലും സാങ്കേതികമായ കാരണങ്ങളാൽ സർക്കാർ സർവ്വീസിൽ 179 ദിവസം പൂർത്തിയാക്കാൻ രണ്ടോ മൂന്നോ ദിവസങ്ങൾ കൂടി വേണ്ടതുണ്ടെങ്കിൽ അത് പ്രത്യേകം പരിശോധിക്കും. ചില കാര്യങ്ങൾ ഇതിനോടകംതന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ചില അവധി ദിവസങ്ങൾകൊണ്ട് 178 ആയി, 179 ആകാൻ സാധിച്ചില്ല, അങ്ങനെയുള്ള ചില കേസുകൾ വന്നത് ഞങ്ങൾ പ്രത്യേകം ഇതിനോടകം തന്നെ പരിഗണിച്ചിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ നോക്കും.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, ഈ വികലാംഗ സംരക്ഷണ നിയമം വന്നുവെങ്കിലും വികലാംഗർ ആരാണെന്ന് ഔദ്യോഗികമായി സർട്ടിഫൈ ചെയ്യേണ്ടത് മെഡിക്കൽ ബോർഡാണ്. അവിടെനിന്ന് ഈ വികലാംഗർക്ക് യഥാവിധി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. കാലതാമസം വരുന്നു. വികലാംഗർക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ ഒന്നുമാത്രമാണ് ജോലി സംവരണം, അതല്ലാതെ നിരവധി ആനുകൂല്യങ്ങൾ അന്തർദേശീയമായും ദേശീയമായും നമ്മളൊക്കെ ചെയ്യുന്നുണ്ട്. അത് യഥാവിധി ലഭിക്കാൻ തക്കവണ്ണമുള്ള ഒരു സംവിധാനം ഇന്നില്ല. അപൂർവം ചില ആളുകൾ വികലാംഗർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന സ്ഥിതിയും ഇവിടെയുണ്ട്. യഥാർത്ഥ വികലാംഗർക്കുള്ള ആനുകൂല്യങ്ങൾ അവർക്ക് തന്നെ ലഭിക്കുന്നതിനാവശ്യമായ സംരക്ഷണവും നടപടിയും സ്വീകരിക്കേണ്ടതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇവർക്ക് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് പ്രത്യേകമായ നിർദ്ദേശം കൊടുക്കും. കാരണം, ശരീരത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ഒരു സ്ഥലത്ത് ചെന്ന് പെടുന്നതുതന്നെ വളരെ ബുദ്ധിമുട്ടാണ്. പല പ്രാവശ്യം തിരിച്ചയയ്ക്കുന്നതുപോലെയുള്ള സംഭവങ്ങൾ ഉണ്ടാകാൻ പാടില്ല. അങ്ങനെയുള്ള പരാതികൾ പൂർണ്ണമായും ഒഴിവാക്കും. വികലാംഗരുടെ കാര്യത്തിൽ അനുഭാവപൂർവ്വമായ

LIBRARY ARCHIVES Kerala Legislative Assembly

സമീപനമാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത്. ഇതിൽ എറ്റവും പ്രധാനപ്പെട്ട ആവശ്യം ക്ലാസ് വൺ ക്ലാസ് ടൂ തസ്തികകളിൽ ഇവർക്കുകൂടി സംവരണം വേണമെന്നുള്ളതാണ്. അത് തത്വത്തിൽ ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്. അത് നടപ്പിലാക്കും. അതിനാവശ്യമായ നിബന്ധനകളും അതിനുള്ള ചട്ടങ്ങളും ഉണ്ടാക്കാനാണ് ഈ കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വികലാംഗരുടെ കാര്യത്തിൽ പ്രത്യേകമായ പരിഗണന ഗവണ്മെന്റ് കൊടുക്കുന്നുണ്ട് എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. സമൂഹത്തിൽ ഏറ്റവും പരിഗണന കൊടുക്കേണ്ട വിഭാഗമാണ് വികലാംഗരായിട്ടുള്ള ജനവിഭാഗം. ഇടതുപക്ഷജനാധിപത്യമുന്നണി മന്ത്രിസഭയുടെ കാലത്ത് 1997 ജനുവരി ഒന്നുമുതൽ 1998 ഓഗസ്റ്റ് 14 വരെ സർവീസിൽ ഉണ്ടായിരുന്ന—ഒരു ദിവസമെങ്കിലും സർവീസിൽ ഉണ്ടായിരുന്ന മുഴുവൻ ആളുകളേയും സ്ഥിരപ്പെടുത്താനാണ് തീരുമാനിച്ചത്. യു.ഡി.എഫ്. ഗവണ്മെന്റ് അതിന് 179 ദിവസം എന്നാക്കിയതോടെ ധാരാളം പേർക്ക് കിട്ടേണ്ടിയിരുന്ന അവസരം നഷ്ടപ്പെട്ടു. 179 ദിവസം എന്നത് മാറ്റിയിട്ട് ഒരു ദിവസം എങ്കിലും സർവീസിൽ ഉണ്ടായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തുമെന്ന തീരുമാനം എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: 179 ദിവസം ആകാത്തവരുടെ പ്രശ്നം നേരത്തെ പറഞ്ഞു. ഈ പീരിയേഡ് ഡിസംബർ 31 വരെ നീട്ടണം എന്നുള്ളതാണ് രണ്ടാമത്തേത്. ഈ രണ്ട് ആവശ്യങ്ങളും ഗവണ്മെന്റിന്റെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുകൊണ്ട് പറയുകയാണ്, നിങ്ങളുടെ കാലത്ത് തീരുമാനം എടുത്തു. 1998-ൽ ഓർഡർ ഇഷ്യൂ ചെയ്തു. ഒരാളെപ്പോലും നിയമിച്ചില്ല. നിയമനം മുഴുവനും നടത്തിയത് 2001-ൽ ഈ ഗവണ്മെന്റ് വന്നതിനുശേഷമാണ്. ക്ലാസ് വൺ ക്ലാസ് ടൂ തസ്തികകളിൽ ഇവർക്ക് സംവരണം നടപ്പിലാക്കാൻ പോകുകയാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള: അംഗവൈകല്യം ബാധിച്ചിട്ടുള്ളവരുടെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് കുടുംബശ്രീയിലൂടെ ആശ്രയ പദ്ധതി നടപ്പിലാക്കിയത് വളരെ ശ്രദ്ധേയമായ കാര്യമാണ്. ഇന്നും വിവിധ സംഘടനകൾ രൂപീകരിച്ച് അതിലൂടെ നിരവധി ആവശ്യങ്ങൾ സർക്കാരിന്റെ മുമ്പിൽ പലപ്പോഴായി വച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ സംഘടനകളുടെ ഒന്നുരണ്ട് പ്രതിനിധികളെ വിളിച്ച് അവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: നിശ്ചയമായിട്ടും ആ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികളെ വിളിച്ച് അവരുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും പരാതികളും കേൾക്കാനും ഗവണ്മെന്റ് തയ്യാറാണ്. അതിനുള്ള നടപടികൾ എടുക്കും.

ശ്രീ. ബിനോയ് വിശ്വം: സർ, വികലാംഗർക്കുവേണ്ടി വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനുമായി ഒരുപാട് സ്ഥാപനങ്ങൾ സമൂഹത്തിൽ ഉണ്ട്. അവയുടെ എല്ലാം പ്രവർത്തനങ്ങൾ തോന്നിയതുപോലെയാണ്. ശാസ്ത്രീയമായ പരിശീലന പരിപാടി ഒന്നും കൊടുക്കാതെ ആരുടേയോ സൗജന്യംപോലെ കുറച്ചു പേർക്ക് ദാനം കൊടുക്കുന്നതുപോലെ സംഭവിക്കുന്നു. അതിന് മാറ്റം വരുത്താനും സമൂഹത്തിന്റെ പൊതുധാരയിലേക്ക് അവരെ കൊണ്ടുവരാനും അവരെ തുല്യതയുള്ള പൗരൻമാരായി വളർത്തിക്കൊണ്ടുവരാനും അവർക്ക് ആവശ്യമായ വിദ്യാഭ്യാസവും തൊഴിലും ഉറപ്പാക്കാൻ വേണ്ടിയുള്ള നിർദ്ദേശം സ്വരൂപിക്കാനും ഗവണ്മെന്റിന് കഴിയുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പ്രത്യേകമായി പരിഗണിക്കുന്നതാണ്. ഈ രംഗത്ത് വോളന്ററി ഓർഗനൈസേഷനുകളുടെ സാന്നിദ്ധ്യവും സേവനവും വളരെ പ്രധാനപ്പെട്ടതാണ്. ബുദ്ധിമുട്ടനുഭവിക്കുന്ന ജനങ്ങൾക്ക് ഗവൺമെന്റിന് ചെയ്യാൻ സാധിക്കുന്നതിനേക്കാൾ കൂടുതൽ സേവനം എത്തിക്കാൻ സാധിക്കുന്നത് വോളന്ററി ഓർഗനൈസേഷനുകൾക്കാണ്. ഗവണ്മെന്റ് അവർക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത് അത് ഗവണ്മെന്റ് പ്രത്യേകമായി ശ്രദ്ധിക്കും.

ശ്രീ. എ. എൻ. രാജൻ ബാബു: 179 ദിവസം പ്രൊവിഷണൽ സർവീസുള്ള വികലാംഗരെ റെഗുലറൈസ് ചെയ്യുന്നതിനുള്ള ഉത്തരവുണ്ട്. എന്നാൽ പല സന്ദർഭങ്ങളിലും 179 ദിവസം തികയുന്നത് ഞായറാഴ്ച ആയിട്ടും സെക്കന്റ് സാറ്റർഡേ ആയിട്ടും വന്നിട്ടുണ്ട്. അങ്ങനെയുള്ളവരെ വെള്ളിയാഴ്ച ടെർമിനേറ്റ് ചെയ്യും. അങ്ങനെയുള്ളവർക്ക് 179 ദിവസം കിട്ടില്ല.....

ശ്രീ. ഉമ്മൻ ചാണ്ടി: അത് ഗവണ്മെന്റ് നിശ്ചയമായിട്ടും പരിഗണിക്കും. ഗവണ്മെന്റിന്റെ ശ്രദ്ധയിൽ രണ്ടുമൂന്ന് കാര്യങ്ങൾ വരികയും അതിന് സ്പെഷ്യൽ ഉത്തരവ് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുപോലെയുള്ള കാര്യങ്ങളിൽ മാനുഷിക പരിഗണനയുണ്ടാകും. സാങ്കേതികത്വം ഗവണ്മെന്റ് നോക്കില്ല. 179 ദിവസം എന്നുള്ളത് നിയന്ത്രണം ഏർപ്പെടുത്തുന്നതിനുവേണ്ടി വച്ചു എന്ന് മാത്രമേയുള്ളു. ഇതുപോലെയുള്ള ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുമെന്ന് തന്നെയാണ് ഗവണ്മെന്റ് തീരുമാനിച്ചിട്ടുള്ളത്. ഇതുപോലെയുള്ള കാര്യങ്ങൾ മെമ്പർമാർ ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടൻതന്നെ അതിന് തീരുമാനം എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, ഡിസേബിൾഡ് സർട്ടിഫിക്കറ്റ് കൊടുക്കുന്നത് മെഡിക്കൽ ബോർഡാണ്. നൂറ് കണക്കിന് വികലാംഗർക്ക് ഒരു ജില്ലയുടെ കേന്ദ്രത്തിൽ വരുന്നതിന് വല്ലാത്ത ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് മെഡിക്കൽ ബോർഡിന്റെ സിറ്റിംഗ്സ് ഒന്നു കൂട്ടണം. അതോടൊപ്പംതന്നെ നടപടിക്രമങ്ങൾ ലഘൂകരിക്കണം. 100 ശതമാനം ഡിസെബിലിറ്റി ഉള്ള ഒരാളെ കല്യാണം കഴിക്കുന്നു എന്ന് വിചാരിക്കുക. അവർക്ക് ജോലി സംവരണം കൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: അതിന് ഇപ്പോൾത്തന്നെ ചില നിബന്ധനകൾ ഉണ്ട്. അങ്ങനെ പരിഗണിക്കുന്ന കൂട്ടത്തിൽ ഇക്കാര്യംകൂടി പരിഗണിക്കാൻ ഞാൻ പറയാം. അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷം മാത്രമേ ഒരു തീരുമാനം എടുക്കാൻ കഴിയൂ.

ശ്രീ. തോമസ് ചാഴികാടൻ: സർ, നമ്മുടെ രാജ്യത്ത് വികലാംഗരെ സംരക്ഷിക്കുന്നതിനുള്ള നിയമം 1995-ൽ നിലവിൽ വന്നതാണ്. എല്ലാ വികലാംഗർക്കും തുല്യഅവസരം ലഭിക്കുന്നതിനും സംരക്ഷണം ലഭിക്കുന്നതിനും വേണ്ടി പ്രത്യേക നടപടി സ്വീകരിക്കണം എന്ന് പറഞ്ഞ് ഒരു കമ്മീഷണറേറ്റ് രൂപീകരിച്ച് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കി കഴിഞ്ഞു. ആ നിയമത്തിൽ നിരവധി കാര്യങ്ങൾ പറയുന്നുണ്ട്. 1995-ലെ കേന്ദ്ര നിയമത്തിൽ പറയുന്ന, വികലാംഗരുടെ സംരക്ഷണത്തിനുവേണ്ടി നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കപ്പെട്ട മുഴുവൻ കാര്യങ്ങളും നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: 1995-ലെ വികലാംഗ സംരക്ഷണ നിയമത്തിലെ എല്ലാ വ്യവസ്ഥകളും നടപ്പിലാക്കിയെന്ന് പറയുന്നില്ല. അതിന്റെ കാര്യങ്ങൾ പരിശോധിച്ചു വരികയാണ്. അതിൽ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാവുന്ന എല്ലാ കാര്യങ്ങളും ചെയ്യും. അവരുടെ ഏതെങ്കിലും അവയവത്തിന് അവശത ഉണ്ടെങ്കിലും അവർ സമൂഹത്തിനുവേണ്ടി സേവനം ചെയ്യാൻ കഴിവുള്ളവരാണ്. ഒരു അവയവത്തിന് ബലഹീനതയുണ്ടെങ്കിലും മറ്റ് കാര്യങ്ങളിൽ അവർ കൂടുതൽ സമർത്ഥരാണെന്നുള്ള ഒരു അഭിപ്രായം അവരെക്കുറിച്ച് സമൂഹത്തിനുണ്ട്. അവരുടെ സേവനം സമൂഹത്തിന് പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കും. ഈ നിയമം പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം കൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഇവിടെ നൽകിയ മറുപടിയിൽനിന്നും വികലാംഗർക്ക് നിയമനങ്ങളിൽ 3 ശതമാനം സംവരണം നൽകുന്നത് സംബന്ധിച്ച ഒരുപാട് ബാക്ക്‌ലോഗുണ്ട് എന്ന് വ്യക്തമായി. പി.എസ്.സി.-യിൽ നിന്നും നടത്തുന്ന നിയമനങ്ങൾ അനുസരിച്ച് എത്ര പെർസെന്റേജാണ് നടക്കുന്നതെന്ന കണക്കുവച്ച് ബാക്കിയുള്ളത് ജില്ലാ ഭരണ സംവിധാനത്തിൽ നിയമനം നടത്തുകയും ചെയ്യുന്ന സംവിധാനമാണ് ഇപ്പോൾ ഉള്ളത്. അത് മാറ്റിയിട്ട് പി.എസ്.സി. നിയമനത്തിൽ അപ്പപ്പോൾത്തന്നെ വികലാംഗർക്ക് 3 ശതമാനം നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ബാക്ക്‌ലോഗ് നേരത്തെ ഉണ്ടായിരുന്നു. ഇപ്പോൾ കുറഞ്ഞുവന്നിരിക്കുകയാണ്. 179 ദിവസത്തെ അപ്പോയിന്റ്മെന്റ് കൂടി കഴിഞ്ഞിട്ട് വളരെ കുറച്ചുമാത്രമേയുള്ളൂ. അതിന് കർശനമായ നിർദ്ദേശം കളക്ടർമാർക്ക് നൽകി സമയബന്ധിതമായി അത് പൂർത്തിയാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ ഈ സഭയ്ക്ക് ഉറപ്പു തരുന്നു, ഈ ബാക്ക്‌ലോഗ് ആറ് മാസത്തിനകം പൂർണ്ണമായും തീർത്തിരിക്കും.

പ്രൊഫ. എ. ഡി. മുസ്തഫ: ജന്മനായുള്ള വൈകല്യത്തിൽ ഏറ്റവും കൂടുതൽ ഉള്ളത് ഡഫ് ആന്റ് ഡംപും മെന്റലി റിട്ടാർഡഡ് ആയിട്ടുള്ള ആളുകളുമാണ്. മറ്റ് വികലാംഗരിൽനിന്നും വ്യത്യസ്തമായതുകൊണ്ട് സാധാരണ വികലാംഗർക്കു ലഭിക്കുന്ന പരിഗണനയും സംരക്ഷണവും ഇവർക്ക് ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ ഇവർക്ക് പ്രത്യേക പരിഗണന കൊടുക്കാൻ വല്ല ഉദ്ദേശ്യവും ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് യാഥാർത്ഥ്യമാണ്. അവർക്ക് പ്രത്യേക പരിഗണന വേണ്ടതാണ്. അവർക്ക് പ്രത്യേകമായിട്ടുള്ള പ്രശ്നങ്ങളുണ്ട്. കാരണം അവർക്ക് ജോലിയുടെ കാര്യത്തിലായാലും അത് ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകളുണ്ട്. പ്രത്യേകിച്ച് mentally retarded ആയിട്ടുള്ളവർക്ക് ജോലി ചെയ്യാനുള്ള ബുദ്ധിമുട്ടുകളുണ്ട്. അവരെ സംരക്ഷിക്കുന്നതിന് വേണ്ടി, അവർക്ക് സ്വന്തമായി ഏതെങ്കിലും വരുമാനം ഉണ്ടാകത്തക്ക വിധത്തിലുള്ള വകുപ്പുകളെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, വികലാംഗരുടെ സംരക്ഷണ നിയമത്തെക്കുറിച്ച് പറയുമ്പോൾ ശ്രീ. മുസ്തഫ പറഞ്ഞതുപോലെ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ സംരക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന കുറേ സ്കൂളുകൾ കേരളത്തിലുണ്ട്. ഇപ്പോൾ ഈ സ്കൂളുകളുടെ പ്രവർത്തനത്തെ സഹായിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ത്രിതല പഞ്ചായത്തുകളാണ്. അവർ ഏതെങ്കിലും പ്രോജക്റ്റുണ്ടാക്കികുറച്ച് പഠനോപകരണങ്ങൾ കൊടുക്കുകയോ ഗ്രാന്റ് കൊടുക്കുകയോ ചില പ്രോത്സാഹനങ്ങൾ കൊടുക്കുകയോ ആണ് ചെയ്യുന്നത്. വളരെ കൂടുതൽ മനുഷ്യത്വപരമായ പരിഗണന കിട്ടേണ്ട സ്ഥാപനങ്ങളാണ്. അതുകൊണ്ടുതന്നെ ബുദ്ധിമാന്ദ്യം സംഭവിച്ച വികലാംഗരായിട്ടുള്ള കുട്ടികളെ സംരക്ഷിക്കുന്ന ഈ സ്കൂളുകളിൽ പണിയെടുക്കുന്ന അദ്ധ്യാപകരും ആ കുട്ടികളെ സംരക്ഷിക്കേണ്ടി വരുന്ന രക്ഷകർത്താക്കളും അനുഭവിക്കുന്ന ബുദ്ധിമുട്ട് ബോദ്ധ്യപ്പെട്ടുകൊണ്ട് ആ സ്ഥാപനങ്ങളെ നിലനിർത്തുന്നതിനും സഹായിക്കുന്നതിനും സർക്കാർ മുൻകയ്യെടുത്ത് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: നമ്മൾ വിദ്യാഭ്യാസ രംഗത്ത് ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ്. പക്ഷേ വിദ്യാഭ്യാസ രംഗത്ത് ഇത്രയധികം മുന്നേറ്റം ഉണ്ടായ സമയത്തും നമ്മൾ വിസ്മരിക്കപ്പെട്ടുപോയ ഒരു മേഖല ഈ വിഭാഗത്തിൽപ്പെട്ട Mentally retarded, ബധിര-മൂക വിദ്യാർത്ഥികൾ അടക്കമുള്ള കുട്ടികളുടെ കാര്യമാണ്. ഇവിടെ സാധാരണയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസമുണ്ട്. പക്ഷേ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് എസ്.എസ്.എൽ.സി. വരെ പോലും പഠിക്കാനുള്ള സൗകര്യം നമുക്ക് ഇതുവരെ ഉണ്ടാക്കിക്കൊടുക്കാൻ സാധിച്ചിട്ടില്ല. അത് നമ്മുടെ വിദ്യാഭ്യാസ രംഗത്തെ ഏറ്റവും വലിയ കുറവായിട്ട് ഞാൻ കാണുകയാണ്.

മി. സ്പീക്കർ: അവർക്കും ഭരണഘടനാപരമായ അവകാശമുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: അവർക്കും അവകാശമുണ്ട്. പക്ഷേ വിദ്യാഭ്യാസരംഗത്ത് ഏറ്റവുമധികം നേട്ടമുണ്ടാക്കിയ കേരളവും അവരെ വിസ്മരിച്ചുപോയി എന്നുള്ളത് യാഥാർത്ഥ്യമാണ്. ആ കുറവ് നികത്താൻ ഗവൺമെന്റ് നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഏറ്റവും വേഗം ഇതുസംബന്ധിച്ചുള്ള നടപടി സ്വീകരിക്കുന്നതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, സാർക്ക് വികലാംഗ വർഷത്തിലും സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി വർഷത്തിലുമാണ് ഒരു ദിവസമെങ്കിലും താൽക്കാലിക സേവനം അനുഷ്ഠിച്ച വികലാംഗർക്ക് സ്ഥിരനിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. തുടർന്ന് സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി വർഷം ജനുവരി തൊട്ട് ആഗസ്റ്റ് വരെ കൂടി എക്സ്റ്റന്റ് ചെയ്യുകയാണ് അന്ന് ചെയ്തത്. അതുകഴിഞ്ഞ് 1998 ആഗസ്റ്റ് 14-ാം തീയതി തുടങ്ങി 1999 ആഗസ്റ്റ് 15-ാം തീയതി വരെയുള്ള ഒരു വർഷക്കാലത്തേയ്ക്കാണ് 179 ദിവസം താൽക്കാലിക സേവനം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുഷ്ഠിച്ചിട്ടുള്ള വികലാംഗർക്ക് സ്ഥിരനിയമനം നൽകാനുള്ള മറ്റൊരു സമീപന ത്തിലേക്ക് ഈ സർക്കാർ കടക്കുന്നത്. 179 ദിവസം സാങ്കേതികമായി പൂർത്തീക രിക്കാനാകാത്തവർക്ക് ഒരു പ്രത്യേക ഉത്തരവ് വഴി സഹായം ചെയ്യും, ആനുകൂല്യ ങ്ങൾ നടപ്പിലാക്കി കൊടുക്കുമെന്ന് കഴിഞ്ഞ നിയമസഭയിൽ ബന്ധപ്പെട്ട വകുപ്പു മന്ത്രി ഉറപ്പു നൽകിയതുമാണ്. ആ വക സാഹചര്യങ്ങളൊക്കെ പഠിച്ച് റിപ്പോർട്ട് ചെയ്ത വികലാംഗരുടെ ക്ഷേമം സംബന്ധിച്ച സമിതി ശുപാർശകളോടുകൂടിയ റിപ്പോർട്ട് കഴിഞ്ഞ നിയമസഭയിൽ മേശപ്പുറത്ത് വച്ചിട്ടുണ്ട്. ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതോടൊപ്പം ഇപ്പോൾ നിലവിലുള്ള സർക്കാർ ഉത്തരവിൽ 3 വർഷത്തിനുള്ളിൽ അതാത് വർഷത്തെ 3% സംവരണം നടപ്പിലാക്ക ണമെന്നുള്ള ഉത്തരവ് നിലവിലുണ്ടെന്നുള്ളതുകൊണ്ട് പല ജില്ലകളിലും ഈ 3% പൂർത്തിയാകാതെ ലാപ്സായി പോയിട്ടുണ്ട്. അതുകൊണ്ട് 3 കൊല്ലം എന്നുള്ള റെസ്ട്രിക്ഷൻ മാറ്റുക എന്നുള്ളത് അത്യാവശ്യമാണ്. ഈ 3% കൂടുതൽ സമർത്ഥമായി പ്രാവർത്തികമാക്കുന്നതിന് 34-ാമത്തെ, 67-ാമത്തെ, 100-ാമത്തെ ഒക്കെ വേക്കൻസികൾ കൃത്യമായി വികലാംഗർക്ക് സംവരണം ചെയ്യുന്നതിന്.....

മി. സ്പീക്കർ: എല്ലാം കൂടി പറഞ്ഞാൽ മറക്കും. എല്ലാവർക്കും സമയം വേണ്ടേ? Please put the question.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: മറക്കില്ല സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാൻ എന്നുള്ള നിലയിൽ നിരന്തരമായി വികലാംഗരുടെ പ്രശ്നങ്ങൾ ഈ സമിതി പഠിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു കൊണ്ടാണ് നിയമസഭയിൽ കിട്ടിയ ഈ അവസരം ഉപയോഗപ്പെടുത്തികൊണ്ട് ചോദ്യങ്ങളിൽ വന്ന അപൂർവ്വമായ പാളിച്ചകൾ മനസ്സിലാക്കി കുറ്റമറ്റ സമ്പ്രദായത്തിൽ ഈ നിയമം നടപ്പിലാക്കുന്നതിന് ആവശ്യ മായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വിനയപൂർവ്വം ഞാൻ ചോദിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: ചോദ്യം നീണ്ടുപോയാൽ സഭയുടെ സമയം നഷ്ടപ്പെടു മെന്നേയുള്ളൂ. ചോദ്യം എത്ര നീണ്ടുപോയാലും ഞാൻ അത് മറക്കില്ല. കാരണം വികലാംഗരുടെ പ്രശ്നങ്ങൾക്ക് ഏറ്റവും കൂടുതൽ പരിഗണന കൊടുക്കും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ഒരു കുറവാണ്. മൂന്ന് കൊല്ലം എന്നു ള്ള സമയം കൊടുത്തിരിക്കുന്നതുകൊണ്ട് പലരും സാവകാശം എടുക്കുന്നുണ്ട്. അതുകൊണ്ടാണ് ഇന്നുള്ള ബാക്ക്ലോഗ് മുഴുവൻ ആറ് മാസത്തിനകം പൂർത്തിയാ ക്കുമെന്ന് പറഞ്ഞത്. അതുപോലെ തന്നെ നിയമസഭാ കമ്മിറ്റി നൽകിയ ശുപാർശകളും പ്രത്യേകമായി പരിഗണിച്ച് നടപടിയെടുക്കും.

ശ്രീ. പി. എസ്. സുപാൽ: സർ, വികലാംഗരുടെ വിഷയങ്ങളിൽ സാങ്കേതികമായ പ്രശ്നങ്ങൾ നോക്കില്ല എന്നാണ് അങ്ങ് പറഞ്ഞത്. വളരെ സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. എനിക്ക് വളരെ വ്യക്തമായി ചോദിക്കാനുള്ളത്, 1999 മേയ് 17-ലെ ജി.ഒ. പ്രകാരം സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള വികലാംഗരെ മുഴുവൻ സ്ഥിരപ്പെടുത്തുമെന്നാണ്. 2005 മാർച്ച് 5-ലെ ജി.ഒ. പ്രകാരം സർക്കാർ സർവ്വീസിൽ മാത്രമുള്ളവരെയാണ് സ്ഥിരപ്പെടുത്തിയത്. പൊതുമേഖലാ സ്ഥാപനങ്ങളിലുള്ളവരെ സ്ഥിരപ്പെടുത്താൻ നടപടിയുണ്ടായിട്ടില്ല. അതുകൊണ്ട് ഈ ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള വികലാംഗർക്ക് കൂടി അതിന്റെ ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായിട്ടുള്ള തീരുമാനമെടുക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഗവൺമെന്റ് സർവ്വീസിൽ മുഴുവൻ അത് നടപ്പിലാക്കി കഴിഞ്ഞു. പി.എസ്.സി. എടുത്തിരിക്കുന്ന ഒരു സ്റ്റാന്റ്, റെഗുലർ വേക്കൻസിയിൽ ഇത് സാദ്ധ്യമല്ല, അഡീഷണൽ പോസ്റ്റിലേക്കാണ് ഇവരെ കൊണ്ടുവരുന്നത്. അങ്ങനെ വന്നപ്പോൾ പല പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള ബുദ്ധിമുട്ട് പരിഗണിച്ചുകൊണ്ടാണ് ആ തീരുമാനം ഇതുവരെ എടുക്കാത്തത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിശോധിക്കാം. റെഗുലർ വേക്കൻസിയിൽ 3% എന്നുള്ളതാണെങ്കിൽ വളരെ വേഗത്തിൽ ചെയ്യാൻ സാധിക്കുമായിരുന്നു. പക്ഷേ അതിന് ചില ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്.

ശ്രീ. സി. മമ്മൂട്ടി: സർ, വികലാംഗരുടെ കാര്യത്തിൽ സഹാനുഭൂതിയോടുകൂടിയുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കുമെന്ന് പറഞ്ഞതിൽ വളരെ സന്തോഷമുണ്ട്. വികലാംഗരെ നിയമിക്കുമ്പോൾ അതിൽ ഏറ്റവും കൂടുതൽ സഹാനുഭൂതി അർഹിക്കുന്നത് അന്ധരായ ആളുകളാണ്. കോഴിക്കോട് ജില്ലയിലെ 150-ഓളം വേക്കൻസിയിൽ 60-ഓളം വേക്കൻസികൾ ഫിൽ ചെയ്ത് കഴിഞ്ഞു. അങ്ങനെ നിയമനം നടത്തുമ്പോൾ അന്ധരായ ആളുകൾക്ക് നിയമനം കിട്ടുന്നില്ല എന്ന പരാതിയുണ്ട്. അതുകൊണ്ട് അന്ധർക്ക് പ്രത്യേകമായ പ്രാമുഖ്യം കൊടുക്കുന്നുണ്ടോ? അതല്ലെങ്കിൽ പ്രത്യേകമായ പരിഗണന നൽകാൻ വല്ല സംവിധാനവും സ്വീകരിക്കുമോ? അത്തരം ആളുകളെ നിയമിക്കുന്നില്ല എന്നുപറഞ്ഞ് കോഴിക്കോട് ജില്ലയിൽ ഒരു സമരം തന്നെ രണ്ട് വർഷം മുൻപ് നടത്തിയിരുന്നു. സഹാനുഭൂതി അർഹിക്കുന്ന അന്ധരായ ആളുകളുടെ കാര്യത്തിൽ പ്രത്യേകമായ പരിഗണന നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: പൊതുവായിട്ടുള്ള ചില നിബന്ധനകളുടെ ഉള്ളിൽ നിന്നുകൊണ്ടാണ് ഈ കാര്യത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. അന്ധരായിട്ടുള്ള വരുടെ കാര്യത്തിൽ അവർ അർഹിക്കുന്ന പരിഗണന നിശ്ചയമായിട്ടും കിട്ടും. അതിൽ ചില നോംസ് വച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. ക്ലാസ്-1, ക്ലാസ്- 2 പോസ്റ്റുകൾക്ക് ഇപ്പോൾ നമ്മൾ റിസർവേഷൻ ഏർപ്പെടുത്തിയിട്ടില്ല. എങ്കിലും അന്ധരായിട്ടുള്ള 2 പേർക്ക് ഈ അടുത്ത രണ്ട് മാസത്തിനുള്ളിൽ ഗവൺമെന്റ് പ്രത്യേക പരിഗണന നൽകി ജോലി കൊടുത്തു. കാരണം അവർ വളരെ അഭിമാനകരമായ രീതിയിലുള്ള ഉന്നത വിജയം നേടി വന്നിട്ടുള്ളവരാണ്. അവരുടെ സേവനം നമുക്ക് കാണാതിരിക്കാൻ പറ്റില്ല എന്നതിന്റെ പേരിൽ മന്ത്രിസഭയിൽ തന്നെ കൊണ്ടുവന്ന് ചർച്ച ചെയ്ത് രണ്ട് പേർക്ക് അവർ നേടിയ ഉന്നത വിജയത്തിന്റെ അംഗീകാരം എന്നുള്ള നിലയ്ക്ക് ജോലി കൊടുത്തിട്ടുണ്ട്. ഇനി തുടർന്നുള്ളത് കമ്മിറ്റിയുടെ ശുപാർശയനുസരിച്ചായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിഗണിക്കാം.

ശ്രീ. എം. വി. ജയരാജൻ : സർ, ഈ മൂന്നു വർഷവും കൂട്ടിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച് വ്യക്തതയുണ്ടാകണം. മൂന്നു കൊല്ലത്തെ ബാക്കി നിയമനങ്ങളിൽ 120 എണ്ണം കണ്ണൂർ ജില്ലയ്ക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. അത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വികലാംഗർക്ക് നഷ്ടപ്പെട്ടതാണ്. ഈ ഡിസംബർ 31 ആകുമ്പോൾ 30 എണ്ണംകൂടി നഷ്ടപ്പെടും. ഒരു കൊല്ലം നടന്ന നിയമനങ്ങളുടെ മൂന്നു ശതമാനം വികലാംഗർക്ക് എന്നതാണ് വ്യവസ്ഥ. അതിനാൽ ഇതിന്റെ ബാക്ക്‌ലോഗ് നഷ്ടപ്പെടാതിരിക്കാൻ കളക്ടർ ചെയർമാനായ കമ്മിറ്റിയുടെ നിയമനത്തിനുള്ള നിലവിലുള്ള വ്യവസ്ഥ മാറ്റി അതാത് ഡിപ്പാർട്ടുമെന്റ് മേധാവികൾക്കുതന്നെ നിയമനാധികാരം കൊടുക്കാൻ ചട്ടത്തിൽ ഭേദഗതി ചെയ്ത് വികലാംഗർക്ക് അർഹതപ്പെട്ട ആനുകൂല്യം അവർക്ക് നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഒഴിവുകൾ നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാം. പക്ഷേ കളക്ടർ എന്നുള്ളത് മാറി ഓരോ ഡിപ്പാർട്ടുമെന്റിലേക്ക് കൊടുക്കുക എന്നു പറയുന്നത് ഇതിന്റെ ഒരു പ്രോപ്പർ കോ-ഓർഡിനേഷനുമൊക്കെ ബുദ്ധിമുട്ടു വരും. അത് സാധിക്കുകയില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ ശ്രീമതി സാവിത്രി ലക്ഷ്മണൻ ഇവിടെ ഒരു ചോദ്യം ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു, മൂന്നു കൊല്ലം എന്നുള്ളത് ചില ബുദ്ധിമുട്ടുകൾ വരുത്തുന്നുണ്ട്. മൂന്നു കൊല്ലം ഉണ്ടല്ലോ എന്നു വിചാരിച്ച് കുറച്ച് കാലതാമസം വരുന്നുണ്ട്. അതുകൊണ്ട് അത് ഒഴിവാക്കും അത് എങ്ങനെ എന്നുള്ളതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം തീരുമാനം ചർച്ച ചെയ്ത് എടുക്കും. ഇപ്പോൾ ഏതായാലും നിലവിലുള്ള ബാക്ക്ലോഗ് മുഴുവൻ ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കർശനമായ നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ. പി. കെ. കെ. ബാവ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ വികലാംഗർക്ക് ഉയർന്ന പരിഗണന കൊടുക്കുമെന്നു പറഞ്ഞു. അങ്ങേയറ്റം സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. വികലാംഗരെ സംബന്ധിച്ചിടത്തോളം ഇന്നുള്ള ഒരു പ്രധാനപ്പെട്ട ബുദ്ധിമുട്ട് നമ്മുടെ കൈയിൽ വികലാംഗരുടെ കൃത്യമായിട്ടുള്ള കണക്കില്ല. ഇതുസംബന്ധിച്ച് കുറെ നടപടികളൊക്കെ എടുത്തിട്ടുണ്ട്. പക്ഷേ അത് ഒന്നും പൂർണ്ണമാക്കാൻ ഗവൺമെന്റുകൾക്ക് സാധിച്ചിട്ടില്ല എന്നുള്ളതാണ് വസ്തുത. ഈ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് വികലാംഗർക്ക് വേണ്ടി പ്രവർത്തിക്കുന്ന പല സംഘടനകളും പല കണക്കുകളാണ് പറയുന്നത്. അവരുടെയൊക്കെ കണക്ക് വച്ചു നോക്കിയാൽ കേരളത്തിലെ മുഴുവൻ ജനങ്ങളും വികലാംഗരാണ് എന്ന തോന്നലാണ് ഉണ്ടാകുന്നത് അതുകൊണ്ട് വികലാംഗരായിട്ടുള്ളവരുടെ കണക്കിന്റെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകമായ താൽപര്യമെടുത്ത് നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഏറ്റവും ആവശ്യമാണ്. ഇവരെക്കുറിച്ചുള്ള ശരിയായ സ്ഥിതിവിവരക്കണക്ക് ഉണ്ടെങ്കിൽ മാത്രമെ നമുക്ക് അതിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ട് നടത്താൻ സാധിക്കുകയുള്ളു. ഇന്ന് പല വിധത്തിലുള്ള കണക്കുകളുണ്ട്. അതിനകത്ത് ഏതെങ്കിലും വിധത്തിലുള്ള അപാകതകളുണ്ടെങ്കിൽ അത് പരിഹരിക്കാൻ ശ്രമിക്കും. ഇങ്ങനെയുള്ള ചില കണക്കുകളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇവിടെ നേരത്തെ സൂചിപ്പിച്ച ഒരു ബുദ്ധിമുട്ട്, വികലാംഗർക്ക് സർട്ടിഫിക്കറ്റ് കിട്ടാനായിട്ടുള്ള കാലതാമസമാണ്. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ കൂടി കണക്കിലെടുത്തുകൊണ്ട് ഇന്നിപ്പോൾ മൊബൈൽ മെഡിക്കൽ ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്. ആശുപത്രിയിലേക്ക് വരാൻ സാധിക്കാത്തവരുടെ വീട്ടിൽ പോയി സർട്ടിഫിക്കറ്റ് കൊടുക്കത്തക്കവിധത്തിലുള്ള ഒരു സംവിധാനം. അങ്ങനെയുള്ളവരുടെ എണ്ണം കുറെ കൂടുതൽ ഉണ്ടെന്നു മനസിലാക്കിയതിനെ തുടർന്നു ഒരു മൊബൈൽ മെഡിക്കൽ ബോർഡ് ഉണ്ടാക്കി വീടുകളിൽ പോയി

LIBRARY ARCHIVES Kerala Legislative Assembly

സർട്ടിഫിക്കറ്റ് കൊടുക്കുന്ന സമ്പ്രദായവും നടപ്പിലാക്കിയിട്ടുണ്ട്. സെൻസസ്സ് നടത്തി ശരിയായ വിധത്തിലുള്ള സ്ഥിതി വിവര കണക്ക് ഉണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. ബാബു : സർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഈ ഓർഡർ അനുസരിച്ചുള്ള നിയമനങ്ങൾ നടക്കുന്നില്ല എന്നു അങ്ങ് പറയുകയുണ്ടായി. സർക്കാരിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ ഈ ഉത്തരവ് അനുസരിച്ചുള്ള നിയമനങ്ങൾ നടക്കുന്നില്ല. ഈ ഓർഡറുമായി വികലാംഗരായിട്ടുള്ള ആളുകൾ ക്ഷേമനിധി ബോർഡുകളിലും യൂണിവേഴ്സിറ്റികളിലും നിയമനത്തിനായി നടക്കുന്നു. അതുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിലും ക്ഷേമനിധി ബോർഡുകളിലും മുമ്പ് പറഞ്ഞ ജി. ഒ. അനുസരിച്ചുള്ള നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ. അതുപോലെതന്നെ മെന്റലി റിട്ടാർഡഡ് ആയിട്ടുള്ള കുട്ടികളുടെ എണ്ണം നമ്മുടെ സംസ്ഥാനത്ത് വളരെയേറെ വർദ്ധിച്ചു വരികയാണ്. ഇതേക്കുറിച്ച് ഗവൺമെന്റിന് വ്യക്തമായ ഒരു ധാരണയുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് ഈ മേഖലയിൽ ഒരു സർവ്വേ നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പൊതുമേഖലാ സ്ഥാപനങ്ങളിലും ക്ഷേമനിധി ബോർഡുകളിലും യൂണിവേഴ്സിറ്റികളിലും ഈ മൂന്ന് ശതമാനം സംവരണം പ്രായോഗികമാക്കാൻ പറ്റുമോ എന്നുള്ളത് പ്രത്യേകമായി നോക്കാം. പക്ഷേ ഏതെങ്കിലും വികലാംഗന് നിയമന ഉത്തരവ് കൊടുത്തിട്ട് നടപ്പിലാക്കാത്തതുണ്ടെങ്കിൽ അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയാൽ അത് നടപ്പിലാക്കിയിരിക്കും. ബഹുമാനപ്പെട്ട മെമ്പർ മെന്റലി റിട്ടാർഡഡ് ആയിട്ടുള്ളവരെക്കുറിച്ചുള്ള വ്യക്തമായിട്ടുള്ള ബോദ്ധ്യം ഗവൺമെന്റിന് ഉണ്ടാകണമെന്നു പറഞ്ഞു. പേരായ്മകൾ ഉണ്ടെങ്കിൽ മെമ്പർക്ക് ചൂണ്ടിക്കാണിക്കാം. പക്ഷേ മെന്റലി റിട്ടാർഡഡ് ആയിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ പ്രശ്നങ്ങൾ കൂടുതൽ അറിയുന്നതിനായി ഗവൺമെന്റ് പ്രത്യേകമായ പരിപാടി ഇടുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ഉപയോഗിച്ചതിന്റെ ഫലമായി അവിടെ വളരെയധികം ആളുകൾ മെന്റലി റിട്ടാർഡഡ് ആയിട്ട് വന്നിരിക്കുന്നു എന്നുള്ള പരാതി വന്നതിനെത്തുടർന്നു പത്രങ്ങളിലും മാധ്യമങ്ങളിലുമൊക്കെ അതേക്കുറിച്ച് വാർത്തകൾ വന്നതിനെത്തുടർന്നു ഞാൻ അവിടുത്തെ എം.എൽ.എ. ശ്രീ. ചെർക്കളം അബ്ദുള്ളയേയും കൂട്ടി അവിടെ പോയി നേരിട്ട് ആ ഗ്രാമങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ മെന്റലി റിട്ടാർഡഡ്

LIBRARY ARCHIVES Kerala Legislative Assembly

ആയിട്ടുള്ള ആ പഞ്ചായത്തുകളിലെ ആളുകൾക്ക് വേണ്ടി ഒരു പ്രത്യേക സ്കീം ഗവൺമെന്റ് നടപ്പിലാക്കി മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നുണ്ട്. ഈ ക്യാമ്പിൽവെച്ചുതന്നെ അവർക്ക് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കി, അവർക്ക്, പെൻഷൻ കൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കി, അങ്ങനെ കൂടുതൽ പ്രശ്നങ്ങളുള്ളത് അറിഞ്ഞാൽ അവിടെ പ്രത്യേകമായി കോൺസൺട്രേറ്റ് ചെയ്തുകൊണ്ടുള്ള പ്രവർത്തനവും ഉണ്ടാകും.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, എല്ലാ ശരീരഭാഗങ്ങളും ഉണ്ടായിട്ടും മനുഷ്യനു ജീവിക്കാൻ വലിയ ബുദ്ധിമുട്ടാണ്. അംഗവൈകല്യമുള്ള ആളുകളുടെ ബുദ്ധിമുട്ട് ശരിക്ക് ലോട്ടറി നിരോധിച്ചപ്പോൾ കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലായതാണ്. ഇവിടെ ജന്മനാ അംഗവൈകല്യമുള്ള ആളുകളും അപകടത്തിൽപ്പെട്ട് അംഗവൈകല്യം സംഭവിച്ച ആളുകളുമുണ്ട്. അവർക്ക് എല്ലാം സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി കൊടുക്കുന്നതുമായി ബന്ധപ്പെടുത്തിയുള്ള കാര്യങ്ങളാണ് നമ്മൾ ഇവിടെ ചർച്ച ചെയ്തു കൊണ്ടിരിക്കുന്നത്. അവരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് പ്രത്യേക ലോൺ കൊടുക്കുന്നതിന് ആവശ്യമായിട്ടുള്ള എന്തെങ്കിലും പദ്ധതികളുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, സ്വന്തമായി വരുമാനമുണ്ടാക്കാനുള്ള സംരംഭവുമായിട്ട് മുന്നോട്ട് വരികയാണെങ്കിൽ അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാൻ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന് പ്രത്യേകമായിട്ടുള്ള സ്കീം ഇപ്പോൾ തന്നെയുണ്ട്. അത് കൂറെക്കൂടി കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. സ്വന്തമായി വരുമാനമുണ്ടാക്കാൻ സാധിക്കത്തക്കവിധത്തിലുള്ള പല പരിപാടികൾ, വികലാംഗർക്ക് ഏറ്റെടുത്ത് നടത്താൻ കഴിയുന്ന വിധത്തിലുള്ള പല സ്കീമുകളുണ്ട്. അതിന് അവർ മുന്നോട്ട് വന്നു കഴിഞ്ഞാൽ അവർക്ക് വേണ്ട സഹായങ്ങളും അതിന് സ്കീം ഉണ്ടാക്കികൊടുക്കാനും അതിന് ലോൺ വാങ്ങി കൊടുക്കാനും ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രത്യേകമായിട്ട് ശ്രദ്ധിക്കുന്നതാണ്. അതുപോലെ തന്നെ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് ഇവരുടെ അംഗവൈകല്യത്തിന്റെ കുറവ് നികത്തുന്നതിന് ആവശ്യമായിട്ടുള്ള എക്വിപ്മെന്റ്സ് വിതരണം ചെയ്യുന്ന സ്കീമും ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, കാസർഗോഡ് ജില്ലയിലെ വികലാംഗർക്കുള്ള സർട്ടിഫിക്കറ്റ് ഇപ്പോൾ നൽകിവരുന്നത് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നിന്നാണ്. കാസർഗോഡ് നിന്നു വളരെ ദൂരെ പോയി സർട്ടിഫിക്കറ്റ് വാങ്ങുകയാണ് ചെയ്യുന്നത്. നേരത്തെ മെഡിക്കൽ ബോർഡ് യോഗം ചേർന്നു കാസർഗോഡ് ജില്ലാ ആശുപത്രിയിൽ നിന്ന് സർട്ടിഫിക്കറ്റ് നൽകിയിരുന്നു. അത് പുനസ്ഥാപിക്കാൻ ആവശ്യമായ നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിക്കാം. മെന്റലി റിട്ടാർഡഡ് ആയിട്ടുള്ളവർക്ക് അവരുടെ പഞ്ചായത്തിൽ ക്യാമ്പ് നടത്തിയാണ് സർട്ടിഫിക്കറ്റ് കൊടുത്തുകൊണ്ടിരിക്കുന്നത്. മറ്റുള്ള വികലാംഗരെ സംബന്ധിച്ചിടത്തോളം അതിനാവശ്യമായ പ്രത്യേക സംവിധാനം ഉണ്ടാക്കുന്ന കാര്യം നിർദ്ദേശിക്കാം.

ശ്രീ. കെ. പി. മോഹനൻ : സർ, അങ്ങ് നൽകിയ ഉത്തരത്തിൽ 1998 മുതൽ 2003 വരെ 14 ജില്ലകൾക്കായി 2402 ഒഴിവുകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. പക്ഷേ 12-7-2005 വരെ അതിൽ 1306 നിയമനങ്ങൾ മാത്രമെ നടത്തിയിട്ടുള്ളൂ. ഏറ്റവും കൂടുതൽ വികലാംഗരുള്ളത് തിരുവനന്തപുരം ജില്ലയിലാണ്-322. അതിൽ 225 പേർക്ക് ജോലി കൊടുത്തിട്ടുണ്ട്. മലപ്പുറത്ത് 90 ശതമാനം ആളുകൾക്ക് ജോലി കൊടുത്തിട്ടുണ്ട്. പക്ഷേ കണ്ണൂർ ജില്ലയിൽ 206 പേരുണ്ടായിട്ട് 72 പേർക്ക് മാത്രമെ ജോലി കൊടുത്തിട്ടുള്ളൂ. ഈ കാര്യത്തിൽ കണ്ണൂർ ജില്ലയുടെ പ്രവർത്തനം വളരെ മോശമാണ്. അത് പരിശോധിച്ച് അവിടെ മുഴുവൻ ആളുകൾക്കും ജോലി കൊടുക്കുന്നതിനുവേണ്ട സൗകര്യം ചെയ്തുകൊടുക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, 1306 എന്നു പറഞ്ഞിട്ടുള്ളത് 12-7-2005 വരെ നടന്നതായിട്ടുള്ള റിക്രൂട്ട്മെന്റിന്റെ കണക്കാണ്. അതിനു പുറമെ 179 ദിവസം ജോലി പൂർത്തിയായ 500 ഓളം പേർക്ക് ജോലി കൊടുക്കാനായിട്ടുള്ള തീരുമാനം എടുത്തിട്ടുണ്ട്. അത് ഈ കണക്കിനകത്ത് കൂട്ടിയിട്ടില്ല. അതുകൂടി കൂട്ടുമ്പോഴേക്ക് ഈ നമ്പർ കുറെക്കൂടി കൂടും. കണ്ണൂർ ജില്ലയിൽ സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ച വികലാംഗരുടെ എണ്ണത്തിൽ വന്ന കുറവിനെകുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശം കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം: സർ, അന്ധ-ബധിര-മൂക വിദ്യാർത്ഥികളെ പരിഗണിക്കുമെന്ന് അങ്ങ് പറയുകയുണ്ടായി. പക്ഷേ നമ്മുടെ വിദ്യാർത്ഥികളിൽ പത്ത് ശതമാനം ലേണിംഗ് ഡിസ്എബിലിറ്റിയുള്ളവരാണെന്നാണ് ഏറ്റവും ഒടുവിൽ പുറത്തു വന്നിട്ടുള്ള കണക്ക്. മൂന്നു വർഷം മുമ്പ് ഈ സഭയിൽ ഞാൻ ഈ വിഷയം ഉന്നയിച്ചപ്പോൾ അന്ന് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഇതിന് അടിയന്തിരമായ നടപടിയെടുക്കുമെന്ന് പറഞ്ഞു. പക്ഷേ അതിന് അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു സംവിധാനംപോലും ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പഠനവൈകല്യമുള്ള ഒരു ലക്ഷത്തിപതിനായിരം കുട്ടികൾ വരും. അവർക്കുവേണ്ടിയുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പഠനവൈകല്യമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ രംഗത്ത് പ്രയോറിറ്റി കൊടുക്കാനായി ഇപ്പോൾ വിദ്യാഭ്യാസ വകുപ്പ് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. അത് പ്രാവർത്തികമാക്കി കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കുന്നതിനെപ്പറ്റിയാണ്. അതിനുള്ള ഒരു ബുദ്ധിമുട്ട് ഇവർ ഏതെങ്കിലും ഒരു പ്രത്യേക സ്കൂളിലല്ല, സാധാരണയുള്ള സ്കൂളുകളിലാണ് പഠിക്കുന്നത്. ഇങ്ങനെയുള്ള ഒരു ലക്ഷം കുട്ടികൾ പതിനായിരത്തിലധികം സ്കൂളുകളിലായിരിക്കും പഠിക്കുന്നത്. അങ്ങനെ വരുമ്പോൾ അദ്ധ്യാപകരെ നിയമിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. അതേസമയം ലേണിംഗ് ഡിസെബിലിറ്റിയുള്ള കുട്ടികൾക്ക് അവരുടെ പഠനത്തിനുള്ള കുറവുകൂടി കണക്കിലെടുത്ത് അവർക്ക് പ്രത്യേക പരിഗണന കൊടുക്കാനുള്ള നടപടി ഇതിനോടകംതന്നെ സ്വീകരിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങൾ മുഴുവനായല്ല എങ്കിലും കുറേപ്പേർക്കെങ്കിലും പരിശീലനം കൊടുക്കുന്നകാര്യം നമുക്ക് പരിശോധിക്കാം.

ഗ്രാമപ്രദേശങ്ങളിൽ ഡോക്ടർമാരുടെ സേവനം

*2 [245] *പ്രൊഫ. എ. ഡി. മുസ്തഫ:*

ശ്രീമതി മേഴ്സി രവി:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ സേവനം ഗ്രാമപ്രദേശങ്ങളിൽ ഉറപ്പുവരുത്തുന്നതിനു വേണ്ടി നിയമനിർമാണം നടത്തുവാൻ ഉദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[20-7-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *1 (244)-ന്റെ ഉത്തരം ദയവായി കാണുക]

Direct Recruitment of Physically Handicapped Persons in Public Service (As on 12-7-2005)

Sl. No.	*Name of Districts*	*Total Target from 1998 to 2003*	*Total Appointment made*
1	Thiruvananthapuram	322	225
2	Kollam	181	64
3	Pathanamthitta	93	61
4	Alappuzha	112	56
5	Kottayam	138	89
6	Idukki	113	52
7	Ernakulam	188	76
8	Thrissur	206	156
9	Palakkad	198	56
10	Malappuram	297	223
11	Wayanadu	84	52
12	Kozhikode	150	60
13	Kannur	206	72
14	Kasaragod	114	64
		2402	**1306**

LIBRARY ARCHIVES Kerala Legislative Assembly